പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1865 — 01.11.2019-ലെ മറുപടിക്ക്

# ആലുവ-കിഴക്കമ്പലം-കരിമുകൾ-തൃപ്പൂണിത്തുറ റൂട്ടിലെ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ

ചോദ്യം — മറുപടി

ശ്രീ.എം. സ്വരാജ് — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലുവ-കിഴക്കമ്പലം-കരിമുകൾ-തൃപ്പൂണിത്തുറ റൂട്ടിലെ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ മുന്നറിയിപ്പില്ലാതെ നിർത്തിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലാഭകരമായ ഈ റൂട്ടിൽ നിന്നും സർവ്വീസുകൾ റദ്ദാക്കിയത് സ്വകാര്യ ബസുകളെ സംരക്ഷിക്കുന്നതിനാണെന്ന തരത്തിൽ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ആലുവ-കിഴക്കമ്പലം-കരിമുകൾ-തൃപ്പൂണിത്തുറ റൂട്ടിൽ 8 ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ നടത്തി വന്നിരുന്നു. എന്നാൽ ടി സർവ്വീസുകൾക്ക് പ്രതിദിനം ശരാശരി 5000-5500 രൂപ മാത്രമാണ് വരുമാനം ലഭിച്ചു വന്നിരുന്നത്. 2019 ഒക്ടോബർ മാസം ബഹു: ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരെ ഒഴിവാക്കേണ്ടി വന്നതിനാൽ യാത്രക്കാർ ധാരാളമുള്ള മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന മറ്റ് റൂട്ടുകളിലെ സർവ്വീസുകൾ കാര്യക്ഷമമായി നടത്തേണ്ട സാഹചര്യം വന്നുചേരുകയും, യാത്രക്കാരും വരുമാനവും താരതമ്യേന കുറവുള്ള പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കേണ്ടതായി വരികയും ചെയ്തു. ലാഭകരമായ റൂട്ടുകളിൽ നടത്തിയിരുന്ന സർവ്വീസുകൾ സ്വകാര്യ ബസ്സുകളെ സഹായിക്കുവാൻ വേണ്ടി റദ്ദ് ചെയ്തു എന്ന തരത്തിലുള്ള വാർത്ത വാസ്തവ വിരുദ്ധമാണ്. |
| (സി) | എന്തുകൊണ്ടാണ് ഈ സർവ്വീസുകൾ നിർത്തലാക്കിയതെന്ന് അറിയിക്കാമോ; | | |
| (ഡി) | ഈ സർവ്വീസുകൾ മുടങ്ങാതെ നടത്തുന്നതിലേക്ക് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത റൂട്ടിൽ സർവ്വീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിക്കുന്ന കാര്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**